# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1884 17.06.2013-ൽ മറുപടി

### ഫോൺ ചോർത്തൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫോൺ ചോർത്തൽ സംബന്ധിച്ച് ആഭ്യന്തര വകുപ്പിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;<br><br>ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് സർക്കാരിന് ഫോൺ ചോർത്താൻ അനുമതിയുള്ളത് ; ഇതിന്റെ പേരിൽ പോലീസിന് അനുവദിച്ച സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യുന്നുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ? | (എ) & (ബി) രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത. ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ, കേസന്വേഷണം മുതലായ കാര്യങ്ങൾ പരിഗണിച്ച് ഒരു വ്യക്തിയുടെ മൗലികസ്വാതന്ത്ര്യത്തിന്മേൽ ന്യായമായ നിയന്ത്രണങ്ങൾ (Reasonable restrictions) ഏർപ്പെടുത്തുന്നതിനുള്ള ഭരണഘടനാ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1885 – ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5 (2), 2000 – ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 എന്നിവയിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരമാണ് ടെലിഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് അനുമതി നല്കുന്നത്. ഇപ്രകാരം തീർത്തും നിയമവിധേയമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലല്ലാതെ ഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്ന സ്ഥിതി വിശേഷം നിലവിലില്ല. അതീവ രഹസ്യ സ്വഭാവമുള്ളതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ